കാളേച്ചുവീട്ടിൽ കുടുംബയോഗത്തിന്റെ വാർഷിക പൊതുയോഗം 2022 ജൂലൈ 23-ാം തീയതി ശനിയാഴ്ച രാവിലെ ഏറ്റുമാനൂർ ശ്രീമഹാദേവക്ഷേത്രത്തിൽ ഗണപതിഹോമ ത്തോടെ സമാരംഭിച്ചു. പത്തു മണിക്ക് കെ.എൻ.ബി. ഓഡിറ്റോറിയത്തിൽ പ്രസിഡന്റിന്റെ അഭാവത്തിൽ യോഗനിശ്ചയപ്രകാരം ശ്രീ. ജി ഗോപകുമാറിന്റെ അദ്ധ്യക്ഷതയിൽ യോഗനട പടികൾക്ക് തുടക്കമായി. ഭാനുമതിയമ്മ, വത്സല സോമൻ, ജ്യോതി ഹരിദാസ്, ഉമ ചന്ദ്രൻ എന്നിവർ അഖിലാണ്ഡമണ്ഡലം അണിയിച്ചൊരുക്കിയത് എല്ലാവരെയും ഗതകാല സ്മരണ കളിലേയ്ക്ക് എത്തിച്ചു. ഇങ്ങനെയൊരു പ്രാർത്ഥനാഗാനമുണ്ടെന്ന് പുതുതലമുറയെ അറി യിക്കാനുമിതുപകരിച്ചു. കുടുംബത്തിലെ മുതിർന്ന അംഗങ്ങളായ ഭാനുമതിയമ്മ, സതീദേ വി, അംബിക നായർ, ടി എം സോമൻ, ജി ഗോപകുമാർ എന്നിവർ ചേർന്ന് ഭദ്രദീപപ്രകാ ശനം ചെയ്തതോടെ അരങ്ങുണർന്നു. യോഗത്തിനെത്തിച്ചേർന്ന കുടുംബാംഗങ്ങളെയും അതിഥികളെയും സെക്രട്ടറി സ്വാഗതം ചെയ്തു. രണ്ടു വർഷമായി കോവിഡ് നിയന്ത്രണ ങ്ങളാൽ നടത്താൻ സാധിക്കാതിരുന്ന ഈ ഒത്തുചേരൽ ദൈവാനുഗ്രഹത്താൽ ഇത്തവണ നടത്താൻ സാധിച്ചതിലും കുടുംബാംഗങ്ങൾ തമ്മിൽ കാണുവാനും നിയന്ത്രണമില്ലാതെ ഇടപഴകുവാൻ സാധിച്ചതിലുമുള്ള സന്തോഷം അദ്ധ്യക്ഷൻ പങ്കുവച്ചു. തുടർന്നും ഭംഗി യായി നടത്താനിടവരട്ടെ  എന്ന് അദ്ദേഹം ആശംസിച്ചു. യോഗം ഔപചാരികമായി ഉദ്ഘാ ടനം ചെയ്തതായും അദ്ദേഹം അറിയിച്ചു. പ്രസിഡന്റ് വിദൂരസംവേദനം മൂലം കുടുംബ ത്തിലെ മൺമറഞ്ഞ  മഹാരഥന്മാരെ എണ്ണം പറഞ്ഞ് അനുസ്മരിച്ചുകൊണ്ട് തുടങ്ങിയ അദ്ധ്യക്ഷഭാഷണം വളരെ ഹൃദ്യമായിരുന്നു. ഈ പൊതുയോഗകൂട്ടായ്മയ്ക്ക് എല്ലാ ഭാവു കങ്ങളും നേർന്നുകൊണ്ട് അദ്ദേഹം സമാപിപ്പിച്ചു. സെക്രട്ടറി അവതരിപ്പിച്ച 2020-21 ലെ പ്രവർത്തന റിപ്പോർട്ട് യോഗം അംഗീകരിച്ചു.

2020-21 വർഷത്തെ നീക്കിയിരിപ്പായി 75331 രൂപയും ഉത്സവപരിപാടിക്ക് സമർപ്പണ മായി ലഭിച്ച 42501 രൂപയും ബാങ്കു പലിശയിനത്തിൽ 3088 രൂപയുമടക്കം 120920 രൂപ വരവും ഉത്സവപരിപാടിയുടെ ഭാഗികചെലവായ 25000 രൂപയും വെബ് ഡൊമേയിൻ പുതു ക്കിയ ഇനത്തിൽ 2200 രൂപയും ബാങ്ക് ചാർജ്ജായി 6 രൂപയും കൂടി 27206 രൂപ ചെലവും 93714 രൂപ നീക്കിയിരിപ്പുമുള്ള കണക്കിൽ ഉത്സവപരിപാടിക്ക് സമർപ്പണമായി ലഭിച്ച 47033 രൂപയും തനതു ഫണ്ടിൽ 46681 രൂപയും ഉള്ളതിൽ 92634 രൂപ ബാങ്കിലും 1080 രൂപ കൈവ ശവുമുള്ള കണക്ക് ഖജാൻജി അവതരിപ്പിച്ചത് യോഗം അംഗീകരിച്ചു. കുടുംബയോഗം സംഘമായി രജിസ്റ്റർ ചെയ്തതിനാൽ നാളിതുവരെയുള്ള കണക്കുകൾ പൂർത്തിയാക്കി ബാക്കി തുക വ്യവസ്ഥാപിതമായ പുതിയ അക്കൗണ്ടിലേയ്ക്ക് മാറ്റേണ്ടതിനാൽ ഇതുവരെ യുള്ള കണക്കുകൾ കൂടി ഖജാൻജി യോഗത്തിന്റെ അറിവിലേയ്ക്കായി പരസ്യപ്പെടുത്തു കയും ആയത് പരിശോധിച്ച് അംഗീകരിക്കുന്നതിന് പുതിയ കമ്മറ്റിയെ യോഗം ചുമതലപ്പെ ടുത്തുകയും അതിനുള്ള അനുമതി നൽകുകയും ചെയ്തു.

കാളേച്ചുവീട്ടിൽ കുടുംബയോഗം EKM/TC/311/2022 എന്ന നമ്പരായി രജിസ്റ്റർ ചെയ്തതും തുടർന്ന് അനുവർത്തിക്കേണ്ട നടപടിക്രമങ്ങളും രജിസ്ട്രേഷനു വേണ്ടി പരി

ശ്രമിച്ച ശ്രീ. കെ പി ഹരികുമാർ യോഗത്തിൽ വിശദീകരിച്ചു. ബാങ്കിന്റെ നടപടി ക്രമങ്ങൾക്കായി EAAOHK3511 I എന്ന നമ്പരിൽ പാൻകാർഡും ലഭ്യമാക്കിയിട്ടുള്ളതായി അദ്ദേഹം യോഗത്തെ അറിയിച്ചു.

**ബൈലോ ഭേദഗതി**

നിയമാവലിയിൽ ഭരണസമിതിയെക്കുറിച്ച് പറയുന്ന ഭാഗത്ത് രണ്ടാമത്തെ ഖണ്ഡികയിൽ ഒരാഴ്ച മുമ്പ് അറിയിച്ചാകണം യോഗം ചേരേണ്ടത് എന്നതിനു ശേഷം ഭരണസമിതിയുടെ കോറം 11 ആയിരിക്കും എന്ന് ചേർക്കേണ്ടതാണ്.

**നിലവിലുള്ളത്**

ഭരണസമിതി മൂന്നു മാസത്തിലൊരിക്കലെങ്കിലും ചേരേണ്ടതാണ്. ഒരാഴ്ച മുമ്പ് അിറയിച്ചാകണം യോഗം ചേരേണ്ടത്. തക്കതായ കാരണങ്ങളില്ലാതെ തുടർച്ചയായ 3 കമ്മറ്റികൾക്ക് ഹാജരാകാത്ത കമ്മറ്റി അംഗങ്ങളെ വിശദീകരണം തേടി നീക്കം ചെയ്യാൻ ഭരണസമിതിക്ക് തീരുമാനിക്കാവുന്നതാണ്.

**പുതുക്കിയത്**

ഭരണസമിതി മൂന്നു മാസത്തിലൊരിക്കലെങ്കിലും ചേരേണ്ടതാണ്. ഒരാഴ്ച മുമ്പ് അറിയിച്ചാകണം യോഗം ചേരേണ്ടത്. ഭരണസമിതിയുടെ കോറം 11 ആയിരിക്കും. തക്കതായ കാരണങ്ങളില്ലാതെ തുടർച്ചയായി 3 കമ്മറ്റികൾക്ക് ഹാജരാകാത്ത കമ്മറ്റി അംഗങ്ങളെ വിശദീകരണം തേടി നീക്കം ചെയ്യുവാൻ ഭരണസമിതിക്ക് തീരുമാനിക്കാവുന്നതാണ്.

തുടർന്ന് കുടുംബയോഗത്തിന്റെ മൾട്ടിമീഡിയ വിഭാഗത്തിന്റെ കൺവീനറായ ശ്രീ മഹേഷ് കുടുംബയോഗത്തിന്റെ വെബ്സൈറ്റ്, അതിന്റെ പ്രവർത്തനം, അതിലുള്ള ഉപവിഭാഗങ്ങൾ, അതിന്റെ പ്രായോഗികമായ ഉപയോഗം എന്നിവ വിശദീകരിക്കുകയും ചുരുങ്ങിയത് സ്മാർട്ട് ഫോൺ ഉപയോഗിക്കുന്നവരെങ്കിലും ഈ സൈറ്റുകൾ അപ്ഡേറ്റ് ചെയ്ത് ആനുകാലികമാക്കി സൂക്ഷിക്കുന്നതിന് സഹകരിക്കണമെന്നും കാളേച്ചു വീട് എന്ന യൂട്യൂബ് ചാനലും ഫേസ്ബുക്ക് പേജും എല്ലാവരും ഉപയോഗപ്പെടുത്തണമെന്നും ആവശ്യപ്പെട്ടു. തുടർന്ന് ശ്രീ.ഹരികുമാറും ശ്രീ. മഹേഷും ചേർന്ന് Way Foreward എന്ന പേരിൽ ഒരാശയം യോഗത്തിന്റെ മുൻപിൽ അവതരിപ്പിച്ചു. ഇതിൽ ഇന്ന് വളരെ പണചിലവേറിയതും സമൂഹത്തെ ചൂഷണം ചെയ്തുകൊണ്ടിരിക്കുന്ന വളരെ പ്രയോജനപ്രദമായ ചില കാര്യങ്ങൾക്ക് നമ്മുടെ കുടുംബത്തിലുള്ളവരും അതേപോലെ സ്വാതന്ത്ര്യവുമുള്ള പാനലുകളും ഉൾപ്പെട്ട ഒരു സംവിധാനം താഴെ ചേർക്കുന്ന കാര്യങ്ങളിൽ എപ്പോഴും തയ്യാറാണെന്നും ആവശ്യമെന്ന് തോന്നുന്ന പക്ഷം മറ്റു വിഷയങ്ങളും കൂട്ടിച്ചേർക്കാവുന്നതാണെന്നും അറിയിച്ചു. ആയത് 1. Educational consultation 2. Health advisory Pannel .3. investment advisory 4. Interview support and career guidance 5. Finance planning എന്നിവയാണ്. ഈ ആശയം യോഗം അംഗീകരിക്കുകയും ഇവരെ രണ്ടുപേരെയും അഭിനന്ദിക്കുകയും ചെയ്തു.

**ഭരണസമിതി തെരഞ്ഞെടുപ്പ്**

യോഗ അജണ്ടയിലെ അടുത്ത ഇനമായ ഭരണസമിതി തെരഞ്ഞെടുപ്പിന് വരണാധികാരിയായ ശ്രീ. ജി. ഗോപകുമാറിനെ നിശ്ചയിച്ചു. അദ്ദേഹം നടപടി ക്രമങ്ങൾ വിശദീകരിച്ച് നിർദ്ദേശങ്ങൾ ക്ഷണിച്ചെങ്കിലും നിലവിലുള്ള ഭരണസമിതി തുടരുവാൻ യോഗം ആവശ്യപ്പെട്ടു.

| | |
|---|---|
| പ്രസിഡന്റ് | മാധവൻകുട്ടി ജി |
| വൈസ് പ്രസിഡന്റ് | അംബിക നായർ |
| ജനറൽ സെക്രട്ടറി | കെ പി രവികുമാർ |
| ജോയിന്റ് സെക്രട്ടറി | വിനോദ് സുകുമാരൻ |
| ഖജാൻജി | പി കെ കൃഷ്ണൻകുട്ടി കുറുപ്പ് |
| എക്സിക്യൂട്ടീവ് കമ്മറ്റി | കെ പി ശ്രീകുമാർ |
| | കെ പി ഹരികുമാർ |
| | കെ എൻ വേണുഗോപാൽ |
| | മാലിനി രഘുനാഥ് |
| | ഹരികൃഷ്ണൻ എം. |
| | ഗീത മേനോൻ |

**പ്രോഗ്രാം കമ്മറ്റി**

പാർവ്വതി നായർ

ഗായത്രി രവികുമാർ

രവീണ ശ്രീകിരൺ

ഉമ ചന്ദ്രൻ

**Abroad co-ordinator**

എം ജയചന്ദ്രൻ

മീരാ ഹരിദാസ്

കല്യാണി മേനോൻ

ഗീതാ മേനോൻ

**മീഡിയ**

മഹേഷ് നായർ

ഗോവിന്ദ് ഹരിദാസ്

നന്ദ കുമാർ

നീരജ് ഹരികുമാർ

എന്നിങ്ങനെ ഒരു പാനൽ സമർപ്പിക്കുകയും മറ്റ് നിർദ്ദേശങ്ങളൊന്നും ഇല്ലാതിരുന്നതിനാൽ ഇവരെ തിരഞ്ഞെടുത്തതായി അദ്ദേഹം പരസ്യപ്പെടുത്തുകയുമുണ്ടായി. തുടർന്ന് പുതിയതായി തിരഞ്ഞെടുത്ത പ്രസിഡന്റിനെ യോഗനടപടികളുടെ നിയന്ത്രണം എൽപ്പിച്ചു.

കുടുംബാംഗങ്ങളുടെ വീടുകളിൽ നടക്കുന്ന വിവാഹ ചടങ്ങുകൾക്ക് കുടുംബയോഗത്തിന്റെ ഒരു ഉപഹാരം നൽകണമെന്ന മുൻതീരുമാനമനുസരിച്ച് അപർണ്ണ & പ്രവീൺ, വിഷ്ണു & അഞ്ജന, സിദ്ധാർത്ഥ് & സബി, ഗോവിന്ദ് & ഗായത്രി, മീര& ഡാനിയേൽ, ഗൗരി & നിഥിൻ എന്നീ ദമ്പതിമാരെ അനുമോദിക്കുകയും അവർക്ക് കുടുംബയോഗത്തിന്റെ ലോഗോയും അവരുടെ ചിത്രങ്ങളും ആലേഖനം ചെയ്ത ഫലകങ്ങൾ ഉപഹാരമായി നൽകുകയും ചെയ്തു. പൊതുയോഗത്തിൽ പങ്കെടുത്ത കുടുംബാംഗങ്ങൾക്ക് 23.07.2022 ലെ കമ്മറ്റി തീരുമാനമനുസരിച്ചുള്ള ഉപഹാരങ്ങൾ വിതരണം ചെയ്തു.

ഉച്ച ഭക്ഷണത്തിനു ശേഷം കുടുംബാംഗങ്ങൾ അവതരിപ്പിച്ച കലാപരിപാടികളുണ്ടായിരുന്നു. വർഷ വേണുഗോപാൽ, ഗോകുൽ കൃഷ്ണൻ അനു, അരുന്ധതി, ഭാരതി, ജയചന്ദ്രൻ, ജയകുമാർ, ശ്രീകുമാർ, നീരജ്ഹരി, അനന്തകൃഷ്ണൻ, മീരഹരിദാസ് അതിഥികളായ സുനിൽ, സരിത, എന്നിവരുടെ പാട്ടുകളും ലക്ഷ്മി സോമൻ ഓൺലൈനായി നൃത്തം, ഭരത് കൃഷ്ണന്റെ ബ്രേക്ക് ഡാൻസ്, അയാന്റെ ഡ്രംസ്, അർജ്ജുന്റെ കീബോർഡ് വായന, വൈഷ്ണവിന്റെ റൂബിക്സ് ക്യൂബ് സൊലൂഷൻ കുടുംബാംഗങ്ങൾ ചേർന്നാലപിച്ച വള്ളപ്പാട്ട് എന്നിവയ്ക്കു ശേഷം യോഗത്തിനെത്തിച്ചേർന്ന എല്ലാവർക്കും എം ജയചന്ദ്രൻ കൃതജ്ഞത അറിയിച്ചു. ദേശീയ ഗാനാലാപനത്തോടെ 5.15 ന് യോഗം സമംഗളം പര്യവസാനിച്ചു.